# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7752

23-07-2012 ൽ മറുപടിക്ക്

## എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം

**ചോദ്യം**

ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :
ശ്രീ. എം.എ. വാഹീദ് :
ശ്രീ. പി.എ.മാധവൻ :

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി)

എ) സർവ്വീസിൽ പ്രവേശിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ടോ ; എങ്കിൽ ഓരോ വിഭാഗം ഉദ്യോഗസ്ഥർക്കും നൽകുന്ന പരിശീലനത്തിന്റെ വിശദാംശം നൽകുമോ;

എ) ഉണ്ട്. നേരിട്ട് നിയമനം ലഭിച്ച് സർവ്വീസിൽ പ്രവേശിക്കുന്ന എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് പ്രിവന്റീവ് ഓഫീസർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് സർവ്വീസിൽ പ്രവേശിക്കുന്ന സമയവും, എക്സൈസ് ഗാർഡ് തസ്തികയിലുള്ളവർക്ക് ജോലിയിൽ പ്രവേശിച്ചതിനു ശേഷവും പരിശീലനം നൽകി വരുന്നു.

**പരിശീലനത്തിന്റെ വിശദ വിവരം**

കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (സ്പെഷ്യൽ റൂൾസ്) റൂൾ 9 പ്രകാരം, നേരിട്ട് നിയമനം ലഭിക്കുന്ന എക്സൈസ് ഇൻസ്പെക്ടർക്ക് 6 മാസത്തെ ഫിസിക്കൽ ട്രെയിനിംഗും, 6 മാസത്തെ ഫീൽഡ് ട്രെയിനിംഗും, നേരിട്ട് നിയമനം ലഭിക്കുന്ന എക്സൈസ് പ്രിവന്റീവ് ഓഫീസർക്ക് 6 മാസത്തെ ഫിസിക്കൽ ട്രെയിനിംഗും, എക്സൈസ് ഗാർഡുമാർക്ക് 90 പ്രവൃത്തി ദിവസത്തെ പരിശീലനവും നൽകി വരുന്നു.

ബി) ശാസ്ത്രീയമായ കുറ്റാന്വേഷണം നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം എന്തെല്ലാമാണ് ?

ബി) ഈ കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ